# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2391     18.06.2014-ലെ മറുപടിക്ക്**

**സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകളുമായുള്ള ചർച്ചകളും കരാറുകളും**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ടി.വി. രാജേഷ്<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. ആർ. രാജേഷ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിനായി വിവിധ മാനേജ്മെന്റു കളുമായി നടത്തിയ ചർച്ചകളുടെയും കരാറുകളുടെയും വിവരം നൽകാമോ;<br>ബി) വിവിധ സ്വാശ്രയ മെഡിക്കൽ മാനേജു-മെന്റുകളുമായി വ്യത്യസ്ത തരത്തിലുള്ള കരാറിന്റെ മാനദണ്ഡം അറിയിക്കാമോ; | എ&ബി 2014-15 അധ്യയന വർഷത്തെ എം.ബി.ബി.എസ് പ്രവേശനം സംബന്ധിച്ച് കേരളാ ക്രിസ്റ്റ്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് ഫെഡറേഷനുമായി സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിലുള്ള കോളേജു കളിലെ പ്രവേശനവുമായി ബന്ധപ്പെട്ട് അസോസിയേഷനുമായുള്ള ചർച്ചകൾ നടന്നു വരുന്നുണ്ട്. എന്നാൽ അസോസിയേഷനുമായി ഇതുവരെയും കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| സി) പ്രവേശന പരീക്ഷയിലൂടെ കണ്ടെത്തുന്ന മിടുക്കരായ വിദ്യാർത്ഥികളെ മാനേജുമെന്റുകൾ മാനദണ്ഡമൊന്നുമില്ലാതെ തന്നിഷ്ടപ്രകാരം നിശ്ചയിക്കുന്ന ഫീസിൽ പഠിക്കാനായി പ്രവേശനം നൽകുക എന്ന നിലപാട് ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങൾ പഠിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | സി) സർക്കാരുമായി കരാറിൽ ഒപ്പുവയ്ക്കുന്ന സ്ഥാപനങ്ങളിലെ 50% മെറിറ്റ് സീറ്റിൽ പ്രവേശനപരീക്ഷയിൽ പാസാകുന്ന വിദ്യാർത്ഥികൾക്കാണ് പ്രവേശനം ലഭിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളിൽ 50% സീറ്റിലേക്ക് സർക്കാർ നിശ്ചയിക്കുന്ന ഫീസിലാണ് പ്രവേശനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ